## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

സാമൂഹ്യ, സാമ്പത്തിക, ജാതിസെൻസസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4649 — 27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സാമൂഹ്യ, സാമ്പത്തിക, ജാതി സെൻസസ് പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നടന്ന സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് വിവരങ്ങളുടെ ജാതി മതം ഒഴികെയുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുന്ന കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. കരട് ലിസ്റ്റിന്മേൽ ഇപ്പോൾ ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് തീർപ്പാക്കുന്നതിനുള്ള ഘട്ടം പുരോഗമിക്കുകയാണ്. |
| (ബി) | അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല |
| (സി) | അന്തിമലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) | 2014 ആഗസ്റ്റ് 31 വരെ പരാതി സ്വീകരിക്കാനുള്ള തീയതി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹ്യ, സാമ്പത്തിക, ജാതി സെൻസസ് പ്രകാരം ബി.പി.എൽ കുടുംബത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം ശേഖരിക്കപ്പെട്ട വിവരങ്ങളെ ആധാരമാക്കി ബി.പി.എൽ. കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശം ലഭിച്ചിട്ടില്ല എന്നാൽ കേന്ദ്രസർക്കാർ ഉൾപ്പെടുത്തൽ ഒഴിവാക്കൽ ക്ലേശ ഘടകങ്ങൾ എന്നിവ സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | <u>**ഒഴിവാക്കൽ**</u><br><br>1. രണ്ട്, മൂന്ന്, നാല് ചക്ര വാഹനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ സ്വന്തമായുള്ള കുടുംബം<br>2. യന്ത്രവത്കൃത മൂന്ന്/ നാല് ചക്ര കാർഷിക ഉപകരണങ്ങൾ സ്വന്തമായുള്ള കുടുംബം<br>3. 50000 രൂപയ്ക്ക് മേൽ കിസാൻ ക്രഡിറ്റ് കാർഡ് ഉള്ളവർ<br>4. ഒരംഗമെങ്കിലും സർക്കാർ ഉദ്യോഗസ്ഥനായിട്ടുള്ള കുടുംബം<br>5. ഏതെങ്കിലും കാർഷികേതര സ്ഥാപനം സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബം<br>6. പ്രതിമാസം 10000 രൂപയ്ക്ക് മേൽ വരുമാനമുള്ള ഒരംഗമെങ്കിലും ഉള്ള കുടുംബം.<br>7. വരുമാനനികുതി നൽകുന്ന കുടുംബം<br>8. തൊഴിൽനികുതി നൽകുന്ന കുടുംബം<br>9. മെച്ചപ്പെട്ട ചുമരുകളും, മേൽക്കൂരയുമുള്ള മൂന്നിലധികം മുറികൾ ഉള്ള വീട് സ്വന്തമായുള്ള കുടുംബം<br>10. റഫ്രിജിറേറ്റർ സ്വന്തമായുള്ള കുടുംബം<br>11. ലാൻഡ് ഫോൺ സ്വന്തമായുള്ള കുടുംബം<br>12. ഒരു ജലസേചന ഉപകരണവും 2.5 ഏക്കറിലധികം ജലസേചനസൗകര്യമുള്ള ഭൂമിയും സ്വന്തമായുള്ള കുടുംബം<br><br><u>**ഉൾപ്പെടുത്തൽ**</u><br>1. ഭവനരഹിതകുടുംബം<br>2. അഗതി/ആശ്രിതരായിട്ടുള്ള കുടുംബം<br>3. തോട്ടിപ്പണിക്കാർ<br>4. ആദിമഗോത്രവർഗ്ഗം<br>5. നിയമാനുസൃതം മോചിപ്പിക്കപ്പെട്ട അടിമപ്പണിക്കാർ |

| | | | |
|---|---|---|---|
| | | | **ദാരിദ്ര്യ/ക്ലേശ ഘടകങ്ങൾ**<br><br>1. മോശപ്പെട്ട ചുമരുകളും മേൽക്കൂരയുമുള്ള ഒറ്റമുറി വീടുകൾ ഉള്ള കുടുംബം<br>2. 18 നും 59 നും ഇടയ്ക്ക് പ്രായമുള്ള ഒരംഗം പോലും ഇല്ലാത്ത കുടുംബം<br>3. 18 നും 59 നും ഇടയ്ക്ക് പ്രായമുള്ള ഒരു പുരുഷ അംഗം പോലുമില്ലാത്ത സ്ത്രീകൾ നാഥയായ കുടുംബം<br>4. വികലാംഗരുള്ള കുടുംബം<br>5. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ<br>6. 25 വയസ്സിന് മേൽ പ്രായമുള്ള സാക്ഷരരായ ഒരംഗം പോലും ഇല്ലാത്ത കുടുംബം<br>7. സ്വന്തമായി ഭൂമിയില്ലാത്തവർ, വരുമാനത്തിന്റെ ഭൂരിഭാഗവും ആകസ്മിക-കായിക തൊഴിലുകളിൽ നിന്ന് ലഭിക്കുന്നവർ |

സെക്ഷൻ ഓഫീസർ